മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) സർക്കാർഭൂമി പാട്ടത്തിനു കൊടുക്കുമ്പോൾ നിവൃത്തിയുള്ളിടത്തോളം സ്വന്തം ഭൂമിയില്ലാത്തവർക്ക് കൊടുക്കണമെന്നാണ് ഗവണ്മെന്റിന്റെ പൊതുവെയുള്ള നയം.

(ബി) പ്രസ്തുത കാപ്പിന്റെ വിസ്തീർണ്ണം 96 ഏക്കർ, 40 സെന്റാണ്. ഇതിൽ ഏതാനും ഭാഗം പണ്ടിനാലെ ആ സ്ഥലത്തു മത്സ്യം പിടിച്ചു് ഉപജീവനം കഴിച്ചിരുന്ന പടന്നമാരുടെ സഹകരണസംഘത്തിനു ബാക്കിയുള്ളതു് 1117 മുതൽ ടി സ്ഥലം പാട്ടത്തിനെടുത്തു് നടന്നിരുന്നവരിലും 1129-ൽ പാട്ടത്തിനെടുത്തിരുന്നവരിലും അർഹരെന്നു തോന്നിയ ചിലർക്കാണ് 1130-ൽ പാട്ടത്തിനേല്പിച്ചതു്.

അഴിമതിനിരോധന ബില്ലു്.

* 756. [48] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സു്. പി. ഗവണ്മെന്റു് തയ്യാറാക്കിയിരുന്ന അഴിമതിനിരോധനബില്ലു് ഈ നിയമസഭയിൽ അവതരിപ്പിച്ചു മേൽ നടപടികളെടുക്കുവാൻ ഈ ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അഴിമതിനിരോധനം സംബന്ധിച്ചുള്ള ഒരു ബില്ലു് നേരത്തെതന്നെ പരസ്യപ്പെടുത്തിക്കഴിഞ്ഞു. ഈ ബില്ലിനെപ്പറ്റി കേന്ദ്രഗവണ്മെന്റിന്റെ അഭിപ്രായം ആരായുകയും ബില്ലിലുള്ള ചില വകുപ്പുകളെപ്പറ്റി വളരെ പ്രധാനമായ ചില നിർദ്ദേശങ്ങളും കേന്ദ്രഗവണ്മെന്റു് നൽകുകയും ചെയ്തു. ഈ നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(ബി) ഉദിക്കുന്നില്ല.

പെരിയാർ വെള്ളത്തെ സംബന്ധിച്ചുള്ള കരാറുകൾ.

* 757. [49] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻതിരുവിതാംകൂർ ഗവണ്മെന്റും മദ്രാസു് ഗവണ്മെന്റും തമ്മിൽ, പെരിയാർ വെള്ളത്തെ സംബന്ധിച്ചു് നിലവിലുണ്ടായിരുന്ന കരാറു് അടുത്തകാലത്തു് പുതുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്;

(സി) വ്യവസ്ഥകളിൽ വന്നിട്ടുള്ള വ്യത്യാസം എന്തു്;

(ഡി) സ്റ്റോറിലെ ജലസമ്പത്തു് ഉപയോഗിക്കുന്നതിനെപ്പറ്റി മദ്രാസു് ധനകാര്യമന്ത്രിയുമായി ഈ ഗവണ്മെന്റു് എന്തെങ്കിലും ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ, ആ ചർച്ചകളുടെ സ്വഭാവമെന്തു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മീൻ പരിപ്പു വ്യവസായം.

* 758. [51] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മീൻപരിപ്പു വ്യവസായത്തിൽ ബർമ്മാ ഗവണ്മെന്റിന്റെ ഓപ്പൺ ജനറൽ ലൈസൻസ് സമ്പ്രദായം നിറുത്തൽചെയ്തതുകൊണ്ടുള്ള വിഷമതകളെ പരിഹരിക്കുന്നതിന് കേന്ദ്രഗവണ്മെന്റുമായി നടത്തിയ എഴുത്തുകുത്തിന്റെ ഫലം എന്താണ് ;

(ബി) ചെമ്മീൻപരിപ്പിന്റെ ക്രമാതീതമായ വിലയിടിവിനുള്ള കാരണങ്ങളെപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റ് ബർമ്മാ ഗവണ്മെന്റുമായി നടത്തിയ ആലോചനകളുടെ ഫലമായി ഏതാനും ബർമ്മാകച്ചവടക്കാർക്ക് ലൈസൻസുകൊടുത്തു ചെമ്മീൻ ഇറക്കുമതിചെയ്യാമെന്ന് ബർമ്മാഗവണ്മെന്റ് ഏറ്റിട്ടുണ്ട്. എന്നാൽ ഇതു് ഒരു താൽക്കാലിക നടപടിമാത്രമാണ്. മുൻപിലത്തെപ്പോലെ ചെമ്മീൻപരുപ്പ് ഓ. ജി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ബർമ്മാഗവണ്മെന്റ് തയാറാകുന്ന ലക്ഷണം കാണുന്നില്ല. ഇൻഡ്യാഗവണ്മെന്റ് ബർമ്മാ ഗവണ്മെന്റിനെ ഇക്കാര്യത്തിൽ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഇവിടത്തെ ചെമ്മീൻപരിപ്പ് വ്യാപാരത്തിനു് പൂർവ്വദേശങ്ങളായ സിംഗപ്പൂർ, ഹോംകോങ്ങ് മുതലായ സ്ഥലങ്ങളിൽ വിപണി കണ്ടുപിടിക്കുന്നതിന് ഇൻഡ്യാഗവണ്മെന്റ് വേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലം അറിവായിട്ടില്ല.

(ബി) ഓപ്പൺ ജനറൽ ലൈസൻസ് അനുസരിച്ച് ബർമ്മായിലേയ്ക്കു ചെമ്മീൻ കയറുമതിചെയ്യുന്നതിനു് സാധിക്കാതെവന്നതാണ്, ഇവിടത്തെ ചെമ്മീൻപരിപ്പിന്റെ വിലയിടിവിനുള്ള പ്രധാനകാരണമെന്നാണ് ഗവണ്മെന്റ് കരുതുന്നതു്.

Indo-Mercantile Bank Ltd.

* 759. [53] SHRI J A. BHAT : Will the Chief Minister be pleased to state:

(a) what is the amount the Travancore-Cochin Government has advanced to the Indo-Mercantile Bank ;

(b) what is the loss sustained by the Bank in the years 1952, 1953 and 1954;

(c) what control the Travancore-Cochin Government has in the management of the bank ;

(d) if there is loss, has the Government investigated into the causes of the loss in the working of that bank ; and

LIBRARY ARCHIVES Kerala Legislative Assembly